പി.എസ്.സി. പരീക്ഷകളിൽ ഫലം പ്രസിദ്ധീകരിക്കാത്തവ

47 (56) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളിതുവരെ പി.എസ്.സി. വിജ്ഞാപനംവഴി നടത്തിയ പരീക്ഷകളിൽ ഫലം പ്രസിദ്ധീകരിക്കാത്ത തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ജില്ലാ നിയമനം, സ്റ്റേറ്റ് നിയമനം എന്നിവയിൽ കണക്ക് വേർതിരിച്ച് ലഭ്യമാക്കുമോ ;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം നിയമനം നൽകിയിട്ടില്ലാത്ത തസ്തികകൾ നിലവിലുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം തസ്തികകളെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ

48 (57) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ വകുപ്പുകളിൽ 2011 മാർച്ച് 31-നകം ഉണ്ടാകാവുന്ന ഒഴിവുകൾ 2010 ജൂലായ് 31-നകം പി.എസ്.സി.-ക്ക്റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ ;

(ബി) എങ്കിൽ അതുപ്രകാരം പി.എസ്.സി.-ക്ക് ഇതേവരെ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി, വകുപ്പ്, തസ്തിക എന്നിവ സഹിതം നൽകുമോ ;

(സി) 2010 ആഗസ്റ്റ് ഒന്നുമുതൽ ഡിസംബർ 31-വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വകുപ്പ്, തീയതി, തസ്തിക എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ഡി) കർശന നിർദ്ദേശമുണ്ടായിട്ടും ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ടു ചെയ്യാത്ത ഏതെങ്കിലും വകുപ്പു മേധാവികൾക്കെതിരെ ഏന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

2011 മാർച്ചിൽ സർക്കാർ ജീവനക്കാരുടെ കൂട്ടവിരമിക്കൽമൂലം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് നടപടി

49 (58) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. എ. ഷുക്കൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2011 മാർച്ചിൽ സർക്കാർ ജീവനക്കാരുടെ കൂട്ടവിരമിക്കൽമൂലം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഉന്നത തസ്തികകളിൽ ഒഴിവുകൾ ഒന്നിച്ചുവരുന്നതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി ഏതുവിധേന പരിഹരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതുമൂലം ഉണ്ടാകുന്ന ഭരണ പ്രതിസന്ധി നേരിടാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 31-3-2011-വരെ ഉണ്ടാകാൻ സാദ്ധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും K.P.S.C.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്ക് P&ARD-യുടെ 25-6-2010-ലെ 8040/ഉപ.സി3/2010-ാം നമ്പർ കത്ത് മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്. 31-3-2011-ന് മുൻപ് കാലാവധി അവസാനിക്കുന്ന നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-5-2011-വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിരമിക്കൽ തീയതി ഏകീകരിച്ചില്ലായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന പ്രവേശന തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്ക് സ്പ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് K.P.S.C.-ക്ക് റിപ്പോർട്ട് ചെയ്യുവാനും നിയമനം നടത്തുന്നതിനും എല്ലാ നിയമനാധികാരികൾക്കും 12-10-2010-ലെ 8040/ഉപ.സി3/10 എന്ന സർക്കുലർപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 8-12-2009-ലെ 13544/09/P&ARD എന്ന സർക്കുലർപ്രകാരം കൂട്ട വിരമിക്കൽ മൂലമുണ്ടായിരുന്ന ഉയർന്ന തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് DPC List-കൾ കാലേകൂട്ടി തയ്യാറാക്കി സൂക്ഷിക്കുന്നതിനും 31-12-2009-ലെ 21/2009/P&ARD എന്ന സർക്കുലർ ഉത്തരവിലൂടെ പൊതുസ്ഥലംമാറ്റങ്ങൾ നേരത്തെ ആക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 20-12-2010-ലെ 42/2010/P&ARD എന്ന സർക്കാർ ഉത്തരവിലൂടെ പ്രൊമോഷൻ തസ്തികയിലെ പ്രൊബേഷൻ കാലാവധി 6 മാസമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ധനകാര്യ വർഷത്തിൽ ഇടയ്ക്കുള്ള വിരമിക്കൽ, സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവ സർവ്വീസിന്റെ കാര്യക്ഷമതയ്ക്ക് തടസ്സം സൃഷ്ടിക്കും എന്നുള്ളതുകൊണ്ടാണ് വിരമിക്കൽ തീയതി വർഷാവസാനമായി ഏകീകരിച്ചത്. ഇതുകൊണ്ട് ഭരണ പ്രതിസന്ധി ഉണ്ടാകുമെന്ന്കരുതുന്നില്ല.

വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ

50 (59) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നും അവ ഏതെല്ലാമാണെന്നും വകുപ്പുതിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly